**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1179** **18-01-2021 - ൽ മറുപടിയ്ക്ക്**

**കുതിരാനിലെ തുരങ്കപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനിൽ അക്കര | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ കുതിരാനിലെ തുരങ്കപാത നിർമ്മാണവും ദേശീയപാത വികസനവും വൈകുന്നത് ജനജീവിതത്തിന് തന്നെ ഭീഷണിയായ കാര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഈ പ്രവൃത്തി പൂർണ്ണമായും കേന്ദ്ര- സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിയന്ത്രണത്തിലാണ് നടക്കുന്നത്. സംസ്ഥാന സർക്കാരിനു നേരിട്ട് യാതൊരു നിയന്ത്രണവുമില്ല. തൃശ്ശൂർ ജില്ലയിലെ കുതിരാൻ തുരങ്കപാത, നിർമ്മാണം ഏറ്റെടുത്ത M/s Thrissur Expressway Limited കമ്പനിക്ക് സാമ്പത്തിക ഞെരുക്കം ഉള്ളതുകൊണ്ടാണ് പ്രവൃത്തികൾക്ക് സമയ ബന്ധിത പുരോഗതി ഇല്ലാത്തത്. പ്രസ്തുത പ്രവൃത്തി 84% പൂർത്തിയായിട്ടുണ്ട് എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിരിക്കുന്നു. |
| (ബി) | റോഡിലെ കുഴികൾ അടയ്ക്കാത്തതും സുരക്ഷാ സംവിധാനം ഒരുക്കാത്തതും അപകടസൂചന ബോർഡുകൾ സ്ഥാപിക്കാത്തതും മൂലം മണ്ണുത്തി-വടക്കഞ്ചേരി ഭാഗത്ത് അപകടങ്ങൾ തുടർക്കഥയാകുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കരാർ ഏറ്റെടുത്ത കമ്പനിക്ക് എഗ്രിമെന്റ് പ്രകാരമുള്ള മെയിന്റനൻസ് നടത്തുന്ന- തിനാൽ വീഴ്ച വന്നതുകൊണ്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ മറ്റൊരു ഏജൻസിയെ കൊണ്ട് റോഡ് സുരക്ഷ ഉൾപ്പെടെയുള്ള മെയിന്റനൻസ് പ്രവൃത്തികൾ നടത്തുകയാണ്. അടുത്ത കാലവർഷ- ത്തേക്കുള്ള മെയിന്റനൻസിനു വേണ്ടി തുക നീക്കി വെച്ചിട്ടുണ്ട് എന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അറിയിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഭാഗത്ത് ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് മൂലം മണിക്കൂറുകളോളം വാഹനങ്ങൾ നിർത്തിയിടേണ്ട സാഹചര്യം നിലവിലുണ്ടോ; | (സി) | നിലവിലുള്ള 6 വരിപ്പാത, കുതിരാനിൽ സംഗമിക്കുമ്പോൾ 2 വരിയാകുന്നതിനാൽ വാഹനങ്ങൾ സുഗമമായി കടന്നുപോകു- ന്നതിന് തടസ്സം നേരിടുന്നു. വാഹനങ്ങൾക്ക് കേടുപാട് വരുമ്പോഴോ അപകടം ഉണ്ടാകുമ്പോഴോ ആണ് പ്രധാനമായും ഗതാഗതക്കുരുക്ക് ഉണ്ടാകുന്നത്. ജില്ലാ കളക്ടറും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ അധികാരികളും സംയുക്ത- മായി ഈ ഭാഗത്ത് നടത്തിയ പരിശോധനയിൽ ഓവർ ടേക്കിംഗ് ഇല്ലാത്ത വിധം ട്രാഫിക് നയന്ത്രിക്കുന്നതിന് പോലിസിന്റെ സേവനം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടുണ്ട്. വാഹനങ്ങൾ ഒരു നിയന്ത്രണവും ഇല്ലാതെ പോകുന്നതും ഗതാഗതകുരുക്കിന് കാരണമാ- കാറുണ്ട്. എതായാലും പ്രവൃത്തി പൂർണ്ണതോ- തിൽ പൂർത്തീകരിച്ചാൽ മാത്രമേ ഗതാഗത പ്രശ്നത്തിനു ശാശ്വത പരിഹാരം ഉണ്ടാകു- കയുള്ളൂ. |
| (ഡി) | കുതിരാനിലെ തുരങ്ക നിർമ്മാണത്തിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വമുണ്ടോ; എങ്കിൽ അത് പരിഹരിച്ച് എത്രയും വേഗം തുരങ്കം ഗതാഗതത്തിന് തുറന്ന് നൽകുന്നതിന് അടിയന്തര ഇടപെടൽ നടത്തുമോ; വിശദമാക്കാമോ? | (ഡി) | അനിശ്ചിതമായി നിർമ്മാണം നീളാനുള്ള പ്രധാന കാരണം കരാർ കമ്പനി നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയാണ്. കരാർ കാലാവധി 31/12/2021 വരെയാണ്. ഈ വിഷയം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഹെഡ് ക്വാർട്ടേഴ്സിന്റെ പരിഗണയിലാണ് എന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ഈ പ്രവൃത്തി ഏറ്റെടുത്ത കരാർ കമ്പനിയുമായി കരാർ വെച്ചിട്ടുള്ളത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ആയതിനാൽ കരാർ കമ്പനിക്കെതിരെ എന്തെങ്കിലും ശിക്ഷാനടപടികൾ, കരാർ വ്യവസ്ഥ ലംഘിച്ചതിനെതിരായോ, കരിമ്പട്ടി- കയിൽ ഉൾപ്പെടുത്തുന്നതിനോ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ് അധികാരമുള്ളത്. സംസ്ഥാന സർക്കാർ ഈ കമ്പനിയെ ഒഴിവാക്കാനും പ്രവൃത്തി മറ്റു ഏജൻസികളെ ഏൽപ്പിച്ചു പൂർത്തീകരിക്കു- ന്നതിനും പല തവണ കത്തു നൽകിയതാണ്. 2017 അവസാനത്തിൽ തൃശ്ശൂർ കളക്ടറേറ്റിൽ വെച്ചു ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ ജില്ലയിലെ മറ്റു മന്ത്രിമാരും ദേശീയപാതയിൽ വരുന്ന എം.എൽ.എ മാരും യോഗം ചേരുകയും വകുപ്പുമന്ത്രി സൈറ്റ് സന്ദർശി- ക്കുകയും ചെയ്ത് ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ ഭാഗമായി ഉപരിതലം നന്നാക്കുന്ന നടപടി സ്വീകരിച്ചു. കരാർ വ്യവസ്ഥ ലംഘിച്ച കമ്പനിക്കെതിരെ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിൽ ഗൗരവമായ സമീപനം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ എടുക്കുന്നി- ല്ലായെന്നു കരുതുന്നു. സംസ്ഥാന സർക്കാർ സാദ്ധ്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്. ഇനിയും നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ